## അദ്ധ്യായം ഇരുപത്തിഏഴ്

# മരണാനന്തര ജീവിതം

**(The Afterlife)**

മരണാനന്തരം ഒരുവൻ സ്വർഗ്ഗത്തിലോ നരകത്തിലോ പോകുമെന്ന് എല്ലാ വിശ്വാസികൾക്കും അറിയാം. എന്നാൽ മരണാനന്തരം നീതിമാൻ സ്വർഗ്ഗത്തിലും ദുഷ്ടൻ നരകത്തിലും നിത്യമായി വസിക്കുമെന്ന് എല്ലാ വർക്കും അറിയില്ല.

ക്രിസ്തുവിലുള്ളവർ മരിക്കുമ്പോൾ അവരുടെ ആത്മാവ് ദൈവ ത്തിന്റെ സാമ്രാജ്യമാകുന്ന സ്വർഗ്ഗത്തിൽ എത്തും (2 കൊരി 5:6–8, ഫിലി 1:21 –23, 1 തെസ് 4:14). ഭാവിയിൽ ദൈവം പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കും. പുതിയ യറുശലേം സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കു ഇറങ്ങി വരും (2 പത്രോ 3:13, വെളി 21:1–2) നീതിമാന്മാർ അവിടെ നിത്യം വാഴും.

എന്നാൽ ദുഷ്ടന്മാർ മരിച്ചാൽ അവർ യാതനാസ്ഥലത്തു എത്തും, താത്കാലികമായി പുനരുത്ഥാനം വരെ അവിടെ കഴിയും. ന്യായവിധി ദിവസ ത്തിൽ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കും. ദുഷ്ടന്മാർ തീയും ഗന്ധകവും കത്തുന്ന തീപൊയ്കയിലേക്കു എറിയപ്പെടും. ഇതെല്ലാം വിശദമായി വചനാടിസ്ഥാനത്തിൽ നമുക്ക് പഠിക്കാം.

### ദുഷ്ടൻ എപ്പോഴാണ് മരിക്കുന്നത്
### (When the Unrighteous Die)

മരണാന്തരം ദുഷ്ടന് എന്തു സംഭവിക്കുന്നു എന്നറിയാൻ പഴയ നിയ മത്തിലെ ഒരു എബ്രായ പദവും പുതിയ നിയമത്തിലെ മൂന്ന് ഗ്രീക്കുപദങ്ങളും പഠിക്കണം. ഈ പദങ്ങളെല്ലാം മൂന്ന് വ്യത്യസ്ത സ്ഥലങ്ങളെ പ്രതിപാദിക്കു ന്നെങ്കിലും ഇത് ബൈബിളിന്റെ പല വിവർത്തനത്തിലും നരകം എന്ന് രേഖ പ്പെടുത്തിയിരിക്കുന്നു. ഇത് വായനക്കാർക്ക് തെറ്റിദ്ധാരണയ്ക്ക് ഇട നൽകു ന്നു.

ആദ്യമായി പഴയ നിയമത്തിലെ ഷിയൂൾ എന്ന എബ്രായ പ ദത്തെ പരിഗണിക്കാം. ഷിയൂൾ എന്ന പദം പഴയ നിയമത്തിൽ 60ൽ പരം പ്രാവശ്യം ഉപയോഗിച്ചിട്ട്. മരണാനന്തരം ദുഷ്ടന്മാർ പാർക്കുന്ന സ്ഥലമാണ് ഷിയൂൾ. ഉദാഹരണത്തിന്, കോരഹും തന്റെ കൂട്ടരും മരുഭൂമിയിൽ മോശയ്ക്ക് എതിരായി മത്സരിച്ചപ്പോൾ ദൈവം അവരെ ശിക്ഷിച്ചു. ഭൂമി പ ിളർന്നു അവരെ അവരുടെ സകലസമ്പത്തോടെ വിഴുങ്ങിക്കളഞ്ഞു. അവർ ഷിയൂൾ ൽ വീണു എന്നു വചനം പറയുന്നു.

അവരും അവരോടു ചേർന്നിട്ടുള്ള സകലരും ജീവനോടെ പാതാളത്തി ലേക്കു ഇറങ്ങി, ഭൂമി അവരുടെ മേൽ അടയുകയും അവർ സഭ യിൽനിന്നു നശിക്കുകയും ചെയ്തു (സംഖ്യ 16:33).

യിസ്രായേലിന്റെ ചരിത്രത്തിൽ, ദൈവത്തിന്റെ കോപാഗ്നി ഷിയൂൾ ൽ കത്തിനില്ക്കുന്നു എന്നു പറഞ്ഞിരിക്കുന്നു:

എന്റെ കോപത്താൽ തീ ജ്വലിച്ചു പാതാളത്തിന്റെ ആഴത്തോളം കത്തും; ഭൂമിയും അതിന്റെ അനുഭവത്തെയും ദഹിപ്പിച്ചു പർവ്വത ങ്ങളുടെ അടിസ്ഥാനങ്ങളെ കരിച്ചുകളയും (ആവ 32:22).

ദാവീദ് രാജാവ് പറഞ്ഞു:

ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകലജാതികളും പാതാളത്തിലേ ക്കുതിരിയും (സങ്കീ 9:17).

ദുഷ്ടാന്മാർക്ക് എതിരെ ദാവീദു പ്രാർത്ഥിച്ചു:

മരണം പെട്ടെന്ന് അവരെ പിടിക്കട്ടെ; അവർ ജീവനോടെ പാതാളത്തി ലേക്ക് ഇറങ്ങട്ടെ; ദുഷ്ടത അവരുടെ വാസസ്ഥലത്തും അവരുടെ ഉള്ളിലും ഉ് (സങ്കീ 55:15).

ജ്ഞാനിയായ ശലോമോൻ വേശ്യയുടെ കൗശലം വെളിപ്പെടുത്തുന്നു:

അവളുടെ വീടു പാതാളത്തിലേക്കുള്ള വഴിയാകുന്നു. അതു മരണ ത്തിന്റെ അറകളിലേക്കു ചെല്ലുന്നു.... എങ്കിലും മൃതന്മാർ അവിടെ ഉ ന്നും അവളുടെ വിരുന്നുകാർ പാതാളത്തിന്റെ ആഴത്തിൽ ഇരിക്കുന്നു എന്നും അവൻ അറിയുന്നില്ല (സദൃ 7:27, 9:18)

നീതിമാനല്ല ദുഷ്ടനാണ് പാതാളത്തിൽ ഇറങ്ങുന്നതെന്ന് ശലോ മോൻ സദൃശ്യവാക്യത്തിൽ എഴുതുന്നു:

ബുദ്ധിമാന്റെ ജീവിതയാത്ര മേലോട്ടാകുന്നു; കീഴെയുള്ള പാതാളത്തെ അവൻ ഒഴിഞ്ഞുപോകും (സദൃ 15:24).

വടികൊ് അവനെ അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാള ത്തിൽനിന്ന് വിടുവിക്കും (സദൃ 23:14).

അവസാനമായി, സ്വയം ഉയർത്തപ്പെട്ട ബാബിലോൺ രാജാവ് പാതാ ളത്തിലേക്കു വീണു പോകുമെന്ന് യെശയ്യാ പ്രവാചകൻ പ്രവചനാത്മാവിൽ ബാബേൽ രാജാവിനോടു പറഞ്ഞു:

സർവ്വഭൂമിയും വിശ്രമിച്ചു സ്വസ്ഥമായിരിക്കുന്നു; അവർ ആർത്തുപാ ടുന്നു സരളവൃക്ഷങ്ങളും ലെബാനോനിലെ ദേവദാരുക്കളും നിന്നെക്കു റിച്ചു സന്തോഷിച്ചു. നീ വീണുകിടക്കുന്നതു മുതൽ ഒരു വെട്ടുകാരനും ഞങ്ങളുടെ നേരെ കയറിവരുന്നില്ല എന്നു പറയുന്നു. നിന്റെ വരവി

ങ്കൽ നിന്നെ എതിരേല്പാൻ താഴെ പാതാളം നിന്റെ നിമിത്തം ഇളകിയിരിക്കുന്നു; അതു നിന്നെച്ചൊല്ലി സകല ഭൂപാലന്മാരുമായ പ്രേതന്മാരെ ഉണർത്തുകയും ജാതികളുടെ സകല രാജാക്കന്മാരേയും സിംഹാസനങ്ങളിൽനിന്നു എഴുന്നേൽപിക്കയും ചെയ്തിരിക്കുന്നു. അവരൊക്കെയും നിന്നോടു നീയും ഞങ്ങളെപ്പോലെ ബലഹീനനായോ? നീയും ഞങ്ങൾക്കുതുല്യനായിത്തീർന്നുവോ? എന്നു പറയും. നിന്റെ ആഡംബരവും വാദ്യഘോഷവും പാതാളത്തിലേക്കു ഇറങ്ങിപ്പോയി, നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു. കൃമികൾ നിനക്കു പുതെപ്പായിരിക്കുന്നു. അരുണോദയ പുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തുവീണു! ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെയ്ക്കും; ഉത്തരദിക്കിന്റെ അതൃത്തിയിൽ സമാഗമന പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നേ വീഴും. നിന്നെ കാണുന്നവർ നിന്നെ ഉറ്റുനോക്കി; ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളയുകയും തന്റെ ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചു വിടാതിരിക്കയും ചെയ്തവൻ ഇവനല്ലയോ എന്നു നിരൂപിക്കും (യെശ: 14: 9-17).

മരണാനന്തരം ദുഷ്ടന്മാർ തടവിലാക്കപ്പെടുന്ന സ്ഥലമാണ് ഷിയൂൾ എന്ന് മേൽ ഉദ്ധരിക്കപ്പെട്ട വചനഭാഗങ്ങളിൽനിന്നു നമുക്ക് മനസ്സിലാക്കാം. ഇനിയും അനേകം തെളിവുകൾ ഉ്.

## ഹേഡ്സ്
## (Hades)

പുതിയ നിയമത്തിലെ ഹേഡ്സ് എന്ന ഗ്രീക്കുപദം പഴയ നിയമത്തിലെ ഷിയൂൾ എന്ന എബ്രായ പദമാണ്. ഇതിന്റെ തെളിവിനായി സങ്കീർത്തനം 16:10 ഉം അപ്പോസ്തലപ്രവൃത്തി 2:27ഉം താരതമ്യം ചെയ്താൻ മതിയാകും.

നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല (സങ്കീ 16:10).

നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല (അപ്ര 2:27).

പുതിയ നിയമത്തിൽ ഹേഡ്സ് എന്ന പദം ദുഷ്ടന്മാരുടെ തടവറ ആയിട്ടാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് (മത്താ 11:23, 16:18; ലൂക്കോ 10:15, 16:23, അപ്ര 2:27, 2:31, വെളി 1:18, 6:8, 20: 13-14) ഷീയൂൾ/ഹേഡ്സ് ദുഷ്ടന്മാർ

മരണാന്തരം അടയ്ക്കപ്പെടുന്ന തടവറയാണെന്ന് മേൽപറഞ്ഞ വാക്യങ്ങൾ തെളിവുതരുന്നു. ഇത് യാതനാസ്ഥലമാണ്.[67]

## യേശുപോയത് ഷിയൂളിലോ, ഹേഡ്സിലോ?
## (Did Jesus Go to Sheol/Hades?)

സങ്കീർത്തനം 16:10ഉം  അപ്ര 2:27, ഈ രുവചനപ്രകാരം ഷിയൂൾ, ഹേഡ്സ് ഇവ രും ഒരേസ്ഥലമാണ്. പത്രോസിന്റെ പെന്തക്കോസ്തുനാളിലെ പ്രസംഗം അനുസരിച്ച്, സങ്കീ. 16:10ൽ ദാവീദ് പറഞ്ഞിരിക്കുന്നത് തന്റെ ശരീരത്തെക്കുറിച്ചല്ല, പ്രവചനാത്മാവിൽ ക്രിസ്തുവിനെക്കുറിച്ച് പറയുകയായിരുന്നു, കാരണം ക്രിസ്തുവിന്റെ ശരീരത്തിൽനിന്നും വ്യത്യസ്തമായി ദാവീദിന്റെ ശരീരം ചീഞ്ഞുപോയി (അപ്ര 2:29–31). സങ്കീ 16:10 വാക്യം യേശു പിതാവായ ദൈവത്തോടു സംസാരിച്ചതാണെന്നു നമുക്ക്  മനസ്സിലാക്കാം കാരണം തന്റെ ശരീരം പിതാവായ ദൈവം ദ്രവത്വം കാണാൻ സമ്മതിക്കയില്ല, തന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല എന്നു അവിടെ വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ യേശുവിന്റെ മരണത്തിനും ഉയർപ്പിനും ഇടയ്ക്കുള്ള മൂന്നു ദിവസം തന്റെ ആത്മാവ് പാതാളത്തിൽ ആയിരുന്നു എന്ന് ചിലർ വ്യാഖ്യാനിക്കുന്നു. ഇത് ഒരു മറ പൊരുളാണോ? യേശു പിതാവിനോട് പറഞ്ഞത് നമുക്ക് നോക്കാം.

> നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല.  നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല (സങ്കീ 16:10).

എന്റെ പ്രാണനെ ചില നാളുകൾ നീ പാതാളത്തിൽ വിടും എന്നാലും നീ എന്നെ അവിടെയും, കൈവിടുകയില്ല എന്ന് യേശു പറഞ്ഞില്ല; യേശു പറഞ്ഞത്: ഞാൻ മരിക്കുമ്പോൾ നീ എന്നെ നീതിമാനായി പരിഗണിക്കും എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല, അവിടെ ഒരു നിമിഷം പോലും എനിക്കു ചിലവഴിക്കേിവരികയില്ല, മൂന്നു ദിവസംകൊ് എന്നെ ഉയർപ്പിക്കും, എന്റെ ശരീരം ദ്രവത്വം കാണാൻ അനുവദിക്കയില്ല.

ഈ വ്യാഖ്യാനം ഉറപ്പിക്കപ്പെട്ടതാണ്. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണാൻ അനുവദിക്കുകയില്ല. പുനരുദ്ധാനത്തിന് മുമ്പുള്ള മൂന്നു നാളുകൾ യേശുവിന്റെ ശരീരം കല്ലറയിൽ ദ്രവത്വത്തിന് വിധേയമായി എന്ന വ്യാഖ്യാനം നീതിക്കുനിരക്കുന്നതേയല്ല.  യേശുവിന്റെ ശരീരം കല്ലറയിൽ യാതൊരു ദ്രവ

---

[67] . നീതിമാന്മാരും മരണാനന്തരംവിശ്രമിക്കുന്ന സ്ഥലമാണ് ഷീയൂൾ എന്ന് ചിലർ ഉല്പത്തി 37:35, ഇയ്യോബ് 14:13, സങ്കീ 89:48, സഭാ പ്രസംഗി 9:10, യെശ 38:9–10 ഈ വചനപ്രകാരം അഭിപ്രായപ്പെടുന്നു. വചനപ്രകാരമുള്ള ഈ തെളിവുകൾ കർശനമല്ല, ദുഷ്ടന്മാരും നീതിമാന്മാരും മരണാനന്തരം എത്തിപ്പെടുന്ന സ്ഥലമാണ് ഷിയൂൾ എങ്കിൽ തീർച്ചയായും അവിടെ സ്വർഗ്ഗമെന്നും നരകമെന്നും രു അറകൾ ഉായിരിക്കണമല്ലൊ? ഈ ആശയം പ്രചരിപ്പിക്കുന്നവർ ഈ വാദമുഖം ഉള്ളവരാണ്.

ത്വത്തിനും വിധേയമാകാതെ പുനരുദ്ധാനത്തോളം മാറ്റമില്ലാത്തതായി തുടർന്നു.

നിന്റെ പ്രാണനെ പാതാളത്തിലേക്കു വിടുകയില്ല എന്ന വാക്യം, അവൻ ചിലനാളുകൾ പാതാളത്തിലേക്കു അയയ്ക്കപ്പെട്ടു എന്നാൽ നിത്യ മായി പാതാളത്തിൽ തള്ളപ്പെട്ടു എന്ന് വ്യാഖ്യാനിക്കകാര്യമില്ല.[68] യേശു വിന്റെ പ്രാണൻ ഒരു നിമിഷം പോലും പാതാളത്തിൽ ആയിരിക്കയില്ല. യേശു പറഞ്ഞത് ശ്രദ്ധിക്കുക. ''നീ എന്റെ പ്രാണനെ പാതാളത്തിന് ഏല്പിക്കുക യില്ലാ'' എന്നല്ല, ''പാതാളത്തിൽ ഏല്പിക്കുകയില്ല എന്നാണ്''.

## ആ മൂന്നു ദിനങ്ങൾ യേശുവിന്റെ പ്രാണൻ എവിടെ ആയിരുന്നു? (Where was Jesus' Soul during the Three days)

യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്ന തുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും (മത്താ 12:40) ഇങ്ങനെ യേശു ശിഷ്യന്മാരോടു പറഞ്ഞു. യേശു വിന്റെ ശരീരം മൂന്നു ദിവസം കല്ലറയിൽ ഇരിക്കും ഈ കല്ലറ ഭൂമിയുടെ അ ന്തർഭാഗമായി കണക്കാക്കപ്പെടുവാൻ സാദ്ധ്യമല്ല. യേശുവിന്റെ പ്രാണൻ ഭൂമി യുടെ ആഴത്തിൽ ആയിരിക്കുമെന്നാണ് യേശു പറഞ്ഞത്. അതുകൊ് മരണ ത്തിനും ഉയിർപ്പിനും ഇടയ്ക്ക് യേശുവിന്റെ പ്രാണൻ സ്വർഗ്ഗത്തിൽ ആയിരു ന്നില്ലായെന്ന് നമുക്ക് അനുമാനിക്കാം. എന്നെ തൊടരുത്, ഞാൻ ഇതു വരെ പിതാവിന്റെ അടുക്കൽ കയറിപ്പോയിട്ടില്ല (യോഹ 20:17) ഉയർത്തെഴു ന്നേറ്റ യേശു മറിയയോടു പറയുന്ന വാക്യത്തിൽനിന്നും യേശുവിന്റെ മരണ ത്തിന്റെയും ഉയർപ്പിന്റെയും ഇടയ്ക്കുള്ള സമയം തന്റെ പ്രാണൻ സ്വർഗ്ഗ ത്തിൽ അല്ലായിരുന്നു എന്ന് ഉറപ്പിക്കാം.

യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളനോട് യേശു പറഞ്ഞു: ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യ മായി നിന്നോടു പറയുന്നു (ലൂക്കോ 23:43) ഇതിൽനിന്നും യേശുവിന്റെ പ്രാണൻ മൂന്നു രാവും മൂന്നു പകലും ഭൂമിയ്ക്കുള്ളിൽ ഇരുന്നു എന്നു വിശ്വ സിക്കാം. ആ സമയം യേശു പറുദീസയിൽ ആയിരുന്നു. അത് ഒരിക്കലും ഷിയൂൾ/ഹേഡ്സ് അല്ല.

---

[68] . ഈ വ്യാഖ്യാനത്തെ അംഗീകരിക്കുന്നവർ താഴെ പറയുന്ന രു സിദ്ധാന്തങ്ങളെയും അംഗീ കരിക്കണം. ഷിയൂൾ/ഹേഡ്സ് എന്നത് ദുഷ്ടന്മാരുടെയും നീതിമാന്മാരുടേയും മരണാന ന്തരവാസസ്ഥലമാണ് അതിനെ രു തട്ടുകളായി വിഭജിച്ചിരിക്കുന്നു ഒന്ന് യാതനാസ്ഥലം മറ്റത് യേശു ചെന്ന സ്വർഗ്ഗം. മറ്റൊരുസിദ്ധാന്തം ഇങ്ങനെയാണ് – 3 ദിനരാത്രങ്ങൾ യേശു പാതാളത്തിൽ കിടന്നു നമ്മുടെ പാപത്തിനും അതിക്രമങ്ങൾക്കും പകരമായി ശിക്ഷഏറ്റു. ഈ രുസിദ്ധാന്തങ്ങളും വചനപ്രകാരം തെളിയിക്കാൻ സാധ്യമല്ല. യേശു ഷിയൂൾ/ഹേഡ്സിൽ പോയിട്ടില്ലായെങ്കിൽ അതു തെളിയിക്കേകാര്യമില്ല അതാണ് യേശു വിന്റെ പ്രസ്താവന വെളിവാക്കുന്നത്. രാമത്തെ സിദ്ധാന്തപ്രകാരം, യേശു മൂന്നു ദിനരാത്ര ങ്ങൾ പാതാളത്തിൽ പീഢനം അനുഭവിച്ചിട്ടില്ല കാരണം നമ്മുടെ മോചനം കാൽവറി ക്രൂശിൽ പൂർണ്ണമായി (കൊലോ 1:22) അതിന് പാതാളത്തിന്റെ ത്യാഗം ആവശ്യമില്ല.

ഈ വസ്തുതകൾ നമ്മെ ഒരു കാര്യം അറിയിക്കുന്നു, ഭൂമിയിൽ ഷിയൂൾ/ഹേഡ്സ് കൂടാതെ പറുദീസ എന്നൊരു സ്ഥലം ഉ്. ഈ ആശയം യേശു ഒരു ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ വെളിപ്പെടുത്തിയിട്ടു്.

> ധനവാനായ ഒരു മനുഷ്യൻ ഉായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനമ്പ്രതി ആഡംബരത്തോടെ സുഖിച്ചുകൊിരുന്നു. ലാസർ എന്നു പേരുള്ളൊരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരക്കൽകിടന്നു ധനവാന്റെ മേശയിൽ നിന്നു വീഴുന്നതു തിന്നുവിശപ്പടക്കുവാൻ ആഗ്രഹിച്ചു; നായ്ക്കളും വന്നു അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊുപോയി. ധനവാനും മരിച്ച് അടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടുനോക്കി ദൂരത്തുനിന്നും അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കു. അബ്രഹാം പിതാവെ, എന്നോടു കനിവുാകേണമെ; ലാസറിന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേതിന് അവനെ അയക്കേണമെ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. അബ്രഹാം: മകനെ നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക, ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു: നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പുായിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല; അവിടെ നിന്നും ഞങ്ങളുടെ അടുക്കലേക്ക് കടന്നു വരുവാനും പാടില്ല എന്നു പറഞ്ഞു (ലൂക്കോ 16:19-26).

മരണാനന്തരം ധനികനും ലാസറും അവരുടെ ഭൗതിക ശരീരം ഉപേക്ഷിച്ചു. അവർക്കായി ഒരുക്കിയിരുന്ന സ്ഥലത്തേക്കു യാത്രചെയ്തത് അവരുടെ ആത്മാവിലാണ്.

## ലാസർ എവിടെ ആയിരുന്നു
## (Where was Lazarus?)

ധനവാൻ യാതനാസ്ഥലത്ത് എത്തി, എന്നാൽ ലാസർ മറ്റൊരു സ്ഥലത്ത് അബ്രഹാമിനോടൊപ്പം എത്തി. അബ്രഹാമിന്റെ മടിയിൽ ആശ്വാസം അനുഭവിക്കുവാൻ ലാസർ എത്തി.

മരണാനന്തരം ലാസറും ധനികനും ചെന്നെത്തിയ സ്ഥലങ്ങൾ തമ്മിൽ വലിയ അന്തരം ഉായി. ലാസർ ധനവാനിൽനിന്നും വളരെ അകലെയായി. അവർക്കു തമ്മിൽ അടുക്കാൻ കഴിയാത്തവിധം പിളർപ്പ് ഉായിരുന്നു എന്ന് വചനം പറയുന്നു. അവർ തമ്മിലുള്ള അകലം അനുമാനമാണ്. എന്തായാലും ഈ അന്തരം ഭൂമിയുടെ ഉള്ളറയിൽനിന്ന് സ്വർഗ്ഗത്തിലേക്കുള്ള അകലമല്ല. ലാസറിനെ ധനികന് കാണുവാൻ കഴിഞ്ഞല്ലോ (ദൈവ സഹായം കൂടാതെ ഇതു സാദ്ധ്യമല്ല) അവരെ തമ്മിൽ വേർതിരിക്കുന്ന വലിയ ഗർത്തമു് എന്നാൽ

ധനികൻ അബ്രഹാമിനോടു യാചിച്ചപ്പോൾ അബ്രഹാം ഉത്തരം നൽകി. അവർ തമ്മിൽ സംസാരിച്ചാൽ കേൾക്കാൻ കഴിയും എന്ന പ്രത്യേകത ആ അകലത്തിന്.

ഇതിൽ നിന്നും ലാസർ സ്വർഗ്ഗത്തിൽ ആയിരുന്നില്ല, ഭൂമിയിൽതന്നെ ഒരു പ്രത്യേക അറയിലായിരുന്നു എന്നു മനസ്സിലാക്കാം.[69]

ഇങ്ങനെയുള്ള ഇടമാണ് യേശു ക്രൂശിൽ കിടന്ന കള്ളന് വാഗ്ദാനം ചെയ്തത്. പഴയനിയമ വിശ്വാസികൾ മരണാന്തരം വിശ്രമിക്കുവാൻ പോകുന്ന സ്ഥലം ഇപ്പോൾ വിവരിച്ച പറുദീസ എന്ന സ്ഥലമാണ്. ഈ സ്ഥല ത്താണ്, യേശുവും, ലാസറും, അനുതപിച്ച ക്രൂശിലെ കള്ളനും എത്തിയത്.

ശമുവേൽ പ്രവാചകൻ മരണാനന്തരം എത്തിയതും ഈ സ്ഥലത്താ ണ്. മരിച്ചുപോയ ശമുവേൽ പ്രവാചകന്റെ ആത്മാവിനെ ദൈവം ശൗലിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട് പ്രവചനവാക്കുകൾ സംസാരിക്കാൻ അനുവദിച്ചു. ഒരു ദേവൻ ഭൂമിയിൽനിന്നു കയറിവരുന്നതു ഞാൻ കാണുന്നു എന്ന് വെളിച്ചപ്പാ ടത്തി ശൗലിനോടു പറഞ്ഞു. (1 ശമു 28:13). ശമുവേൽ ശൗലിനോടു: നീ എന്നെ വിളിച്ചതിനാൽ എന്റെ സ്വസ്ഥതക്ക് ഭംഗം വരുത്തിയതു എന്തു എന്നു ചോദിച്ചു? (ശമു 28:15). ശമുവേലിന്റെ ആത്മാവ് ഭൂമിയിലെ പറുദീസയിൽ ആയിരുന്നു.

യേശുവിന്റെ ഉയർത്തെഴുന്നേൽപോടുകൂടി, പറുദീസ ശൂന്യമായി, കാരണം പഴയനിയമകാലത്തെ വിശുദ്ധന്മാരെല്ലാം യേശുവിനോടൊപ്പം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു എന്ന് വചനം വെളിപ്പെടുത്തുന്നതായി കാണുന്നു. യേശു ഭൂമിയുടെ അധോഭാഗത്തുനിന്ന് സ്വർഗ്ഗത്തിലേക്ക് ഉയർന്ന പ്പോൾ ബദ്ധന്മാരെ വിടുവിച്ചുകൊ് ഉയരത്തിലേക്കുപോയി എന്ന് പറഞ്ഞിരി ക്കുന്നു (എഫേ 4:8-9, സങ്കീ 68:18). എന്റെ അഭിപ്രായത്തിൽ പറുദീസയിൽ കഴിഞ്ഞിരുന്ന വിശുദ്ധന്മാരായിരുന്നു, ഈ ബദ്ധന്മാർ, യേശു പാതാളത്തിലു ള്ളവരെ വിടുവിച്ചില്ല.[70]

## തടങ്കലിൽ യേശു ആത്മാക്കളെ പ്രബോധിപ്പിച്ചു

### (Jesus Preached to Spirits in Prison)

---

69 . ധനികനും ലാസറും അവരുടെ ശരീരത്തെ ഉപേക്ഷിച്ചെങ്കിലും അവർക്കു ബോധം, കാഴ്ച, സ്പർശനം, കേൾവി ഇത്യാദി എല്ലാ ഗുണങ്ങളും ഉായിരുന്നു. അവർക്ക് വേദന യും, സന്തോഷവും അനുഭവിക്കാനും പഴയതിനെ ഓർക്കാനും കഴിയുമായിരുന്നു. ആത്മാവ് ഉറങ്ങുന്നു അതായത് മരിക്കുമ്പോൾ അവൻ അബോധാവസ്ഥയിൽ ആകുകയും, ശരീരം ഉയർത്തെഴുന്നേൽക്കുമ്പോൾ ബോധം തിരിച്ചുവരികയും ചെയ്യുന്നു എന്ന ആശയ ത്തോട് ഇത് യോജിക്കുന്നില്ല)

70 . എഫേ 4:8-9 ൽ പറഞ്ഞിരിക്കുന്ന ബദ്ധന്മാർ, പാപത്താൽ പിടിക്കപ്പെട്ട് കർത്താവിന്റെ ഉയർപ്പിലൂടെ സ്വതന്ത്രരായ നാമെല്ലാവരുമാണെന്ന് ചിലർ ഉറച്ചുവിശ്വസിക്കുന്നു.

യേശു തന്റെ മരണത്തിനും ഉയർപ്പിനുമിടയിൽ അല്പനേരത്തേക്ക് ആത്മാക്കളെ നിർവീര്യമാക്കിയെന്നും, പത്രോ 3-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

> ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേതിനു നീതിമാനായി നീതികെട്ടവർക്കുവേ പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു. ജഡത്തിൽ മരണശിക്ഷ ഏല്ക്കുകയും അത്മാവിൽ ജീവിപ്പിക്കപ്പെടുകയും ചെയ്തു, ആത്മാവിൽ അവൻ ചെന്നു. പു നോഹയുടെ കാലത്തു പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു, ആ പെട്ടകത്തിൽ അല്പജനം എന്നുവെച്ചാൽ 8പേർ പെട്ടകത്തിൽ കൂടി രക്ഷ പ്രാപിച്ചു. അതു സ്നാനത്തിന്നു ഒരു മുൻകുറി (1 പത്രോ 3:18–20).

എനിക്ക് ഉത്തരം ലഭിക്കാത്ത ചില ചോദ്യങ്ങൾ ഈ വചനഭാഗത്ത്. നോഹയുടെ കാലത്ത് പ്രളയത്തിൽ മരിച്ചുപോയ അനുസരണം കെട്ട ജനത്തോട് ദൈവം പ്രത്യേകമായും സംസാരിക്കാൻ കാരണമെന്താണ്? അവരോട് എന്താണ് പറഞ്ഞത്?

യേശു മരണത്തിനും ഉയിർപ്പിനും ഇടയിലുള്ള മൂന്നു ദിനരാത്രങ്ങൾ പറുദീസയിൽ ചിലവഴിച്ചില്ലായെന്ന് തെളിയിക്കുന്ന വചനഭാഗങ്ങൽ ഇല്ല.

### നരകം
### (Gehenna)

ഇന്ന് നീതിമാന്മാർ മരിച്ചാൽ അവരുടെ ആത്മാവ് പെട്ടെന്ന് സ്വർഗ്ഗത്തിലേക്കു പോകുന്നു (2 കൊരി 5:6–8, ഫിലി 1:21–23, 1 തെസ് 4:14).

ദുഷ്ടന്മാർ പാതാളത്തിലേക്കുപോകും അവിടെ അവർ പീഡിപ്പിക്കപ്പെടും, ജഡത്തിന്റെ ഉയിർപ്പും, അന്ത്യന്യായവിധിയും കത്തുന്ന തീപൊയ്കയും അവർക്കായി കാത്തിരിക്കുന്നു.

കത്തുന്ന തീപ്പൊയ്കയായ ഗെഹെന എന്ന എബ്രായ പദത്തെ നരകം എന്ന് വിവർത്തനം ചെയ്തിരിക്കുന്നു.

യെറുശലേമിലെ ഹിന്നോം താഴ്വരയിൽ ചപ്പിന്റേയും ചവറിന്റേയും ഒരു മാലിന്യകൂമ്പാരമ്. പുഴുക്കളും, ഈച്ചകളും, കൃമികളും അരിച്ചുകൊിരിക്കുന്ന ഈ മാലിന്യകൂമ്പാരത്തിൽനിന്നു തുടർച്ചയായി തീയും പുകയും വമിച്ചുകൊയേിരിക്കും. ഈ മാലിന്യകൂമ്പാരത്തിൽനിന്നും രൂപപ്പെട്ടതാണ് നരകം എന്ന വാക്ക്.

ശരീരത്തോടെ മനുഷ്യനെ എറിയുന്ന സ്ഥലമാണിതെന്നാണ് യേശു ഈ നരകത്തെക്കുറിച്ച് പറയുന്നത്. ഉദാഹരണത്തിന് മത്തായിയുടെ സുവിശേഷത്തിൽ യേശു പറഞ്ഞു.

> വലങ്കൈ നിനക്കു ഇടർച്ചവരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനേക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നതുനിനക്കു പ്രയോജനമത്രേ.... ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടോ. ദേഹിയേയും ദേഹത്തേയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ (മത്താ 5:30, 10:28).

ഗെഹെനയും (നരകം) ഹേഡ്സും (പാതാളം) ഒരേ സ്ഥലമായിരിക്കാൻ സാദ്ധ്യതയില്ലാ, കാരണം ദുഷ്ടന്മാരെ ശരീരമില്ലാതെ പ്രാണനെമാത്രം എറിയുന്ന സ്ഥലമാണ് പാതാളം. ക്രിസ്തുവിന്റെ ആയിരമാ് വാഴ്ചക്കാലത്ത് ദുഷ്ടന്മാർ ഉയർത്തെഴുന്നേൽക്കുകയും ദൈവത്തിന്റെ ന്യായവിധിക്കുമുമ്പിൽ നില്ക്കുകയും തുടർന്നു കത്തുന്ന തീപ്പൊയ്ക(നരക)യിലേക്ക് എറിയപ്പെടുകയും ചെയ്യും (വെളി 20:5, 11-15) കൂടാതെ ഒരിക്കൽ പാതാളംതന്നെ ഈ തീപ്പൊയ്കയിലേക്ക് എറിയപ്പെടും (വെളി 20:14) അത് കത്തുന്ന തീപ്പൊയ്കയിൽനിന്ന് വ്യത്യസ്തമായ ഒരു സ്ഥലമായി ഭവിക്കാം.

### ടാർടറസ്
### (Tartarus)

നാലാമതായി, ടാർടറസ് എന്ന ഗ്രീക്കുപദത്തിനെയാണ് നരകം എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. പുതിയ നിയമത്തിൽ ഇത് ഒരു പ്രാവശ്യമേ പ്രതിപാദിച്ചിട്ടുള്ളു.

> പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമനസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിച്ചു (2 പത്രോ 2:4).

പാപം ചെയ്ത ദൂതന്മാർക്കു വേിയുള്ള സ്ഥലമാണ് ടാർടറസ് ഇത് പാതാളമോ, നരകമോ അല്ല. വീണുപോയ ദൂതന്മാരെക്കുറിച്ചു യൂദാ എഴുതുന്നു.

> തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാ ദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു (യൂദാ 6).

### നരകത്തിന്റെ ഭീകരത
### (The Horror of Hell)

അനുതപിക്കാതെ ഒരു മനുഷ്യൻ മരിച്ചാൽ, അവന് അനുതപിക്കുവാനുള്ള അവസരം ലഭിക്കുകയില്ല. അവന്റെ വിധി നിർണ്ണയിക്കപ്പെട്ടിരിക്കു

ന്നു. വചനം പറയുന്നു: ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ (എബ്രാ 9:27).

നരകത്തിൽ അകപ്പെട്ടവർക്ക് രക്ഷപ്പെടാൻ അവസരമില്ല. ദുഷ്ടന്റെ വിധിയെക്കുറിച്ച് യേശു പറഞ്ഞു: ദുഷ്ടൻ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും (മത്താ 25:16) ദുഷ്ടന് നിത്യനരകവും നീതിമാന് നിത്യജീവനും ലഭിക്കും. പൗലോസ് എഴുതി:

> കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഢയും പീഢ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ? ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേതിനുംഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയമാകും (2 തെസ് 1: 6–9).

നരകം എന്നത് ഒരിക്കലും അവസാനിക്കാത്ത ഒരു ശിക്ഷയാണ് അതുകൊ് അവിടെ വേദനക്ക് ഒരിക്കലും ശമനം ഉാകുകയില്ല. ദൈവകോപത്തിന്റെ അണയാത്തതീയിൽ ദുഷ്ടന്മാർ നിത്യദണ്ഡനം അനുഭവിക്കും.

യേശു നരകത്തെ അന്ധതമസ്സ് എന്നാണ് വിശേഷിപ്പിക്കുന്നത്. അവിടെ പല്ലുകടിയും കരച്ചിലും ഉാകും. അവിടെ പുഴുക്കൾ ചാകുകയില്ല, തീ കെട്ടുപോകയില്ല (മത്താ 22:13, മർക്കോ 9:44) നിത്യമായ നരകത്തിലേക്ക് നീങ്ങിക്കൊിരിക്കുന്ന ജനസമൂഹത്തെക്രിസ്തുവിന്റെ നിത്യരക്ഷയിലേക്ക് നയിക്കുവാൻ വിശ്വാസികളായ നമുക്കുള്ള ഉത്തരവാദിത്വം എത്ര ശ്രേഷ്ടമാണ്!

മൃതാത്മപാപമോചനസ്നാനം എന്ന ഒരു ഉപദേശം ചില സഭകൾ തുടരുന്നു്. അതായത് വിശ്വാസി പാപം ചെയ്താൽ മരണാനന്തരം എത്തിപ്പെടുന്ന ഒരു സ്ഥലം ഉ്. അവിടെ തന്റെ പാപത്തിന് പരിഹാരം തേടി സ്വർഗ്ഗത്തിന് യോഗ്യനായിത്തീരുവോളം അവിടെ കഴിയണം. എന്നാൽ ബൈബിളിൽ എവിടേയും ഈ സിദ്ധാന്തം രേഖപ്പെടുത്തികാണുന്നില്ല.

## നീതിമാൻ മരണശേഷം
## (The Righteous After Death)

നീതിമാൻ മരിച്ചാൽ അവന്റെ ആത്മാവ് സ്വർഗ്ഗത്തിൽ ദൈവസന്നിധിയിലെത്തും, അപ്പോസ്തലനായ പൗലോസ് തന്റെ മരണത്തെക്കുറിച്ച് എഴുതിയപ്പോൾ ഇത് വ്യക്തമാക്കി.

> എനിക്കു ജീവിക്കുന്നതുക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലക്കു ഫലം വരു

മെങ്കിൽ ഏതു തിരഞ്ഞെടുക്കേു എന്നു ഞാൻ അറിയുന്നില്ല. ഇവ രിന ാലും ഞാൻ ഞരുങ്ങുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരി പ്പാൻ എനിക്കു കാംക്ഷയു്.അത് അത്യുത്തമമല്ലോ? (ഫിലി 1:21-23).

പൗലോസിന് വിട്ടു പിരിയാൻ ആഗ്രഹമു് അങ്ങനെയായാൽ അദ്ദേഹ ത്തിന് ക്രിസ്തുവിനോടു കൂടെ ഇരിക്കാൻ കഴിയും എന്ന് ഉറപ്പു്. അദ്ദേഹത്തി ന്റെ ആത്മാവ് ഉയിർപ്പ് പ്രതീക്ഷിച്ചിരിക്കുകയില്ല (ചിലർ കരുതുന്നതുപോ ലെ).

പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക - മരിക്കുന്നത് അവന് ലാഭം. മരിക്കുമ്പോൾ താൻ സ്വർഗ്ഗത്തിൽ എത്തിയാൽ മാത്രമേ ആ വാക്കുകൾക്ക് അർത്ഥമുള്ളു.

പൗലോസ് കൊരിന്ത് സഭയ്ക്ക് എഴുതിയ രാം ലേഖനം പറയുന്നു. ''ഒരു വിശ്വാസിയുടെ ആത്മാവ് ശരീരം വിട്ടാൽ അവൻ ദൈവഭവനത്തിൽ പ ിതാവിനോടൊപ്പം ചേരുന്നു''.

ഞങ്ങൾ എല്ലായ്പ്പോഴും ധൈര്യപ്പെട്ടും ശരീരത്തിൽ വസിക്കുമ്പോൾ ഒക്കേയും കർത്താവിനോടു അകന്നു പരദേശികൾ ആയിരി ക്കുന്നു എന്നു അറിയുന്നു. കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നതു. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു (2 കൊരി 5:6-8).

ഇതിനെ പിൻതാങ്ങി പൗലോസ് വീും എഴുതി:

സഹോദരന്മാരെ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേതിനു നിദ്രകൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരി ക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴു ന്നേൽക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങ നെതന്നേ ദൈവം നിദ്രകൊവരെയും യേശു മുഖാന്തിരം അവനോടു കൂടെ വരുത്തും (1 തെസ് 4:13-14).

ക്രിസ്തുവിനോടു കൂടെ നിദ്രപ്രാപിച്ച വൃതന്മാൽ യേശുവിന്റെ വര വിങ്കൽ അവനോടുകൂടെ വാനമേഘങ്ങളിൽ എത്തും അങ്ങനെയെങ്കിൽ അവർ യേശുവിനോടൊപ്പം സ്വർഗ്ഗത്തിലായിരിക്കണമല്ലോ.

## സ്വർഗ്ഗം മുൻകൂട്ടികാണുന്നത്
## (Heaven Foreseen)

സ്വർഗ്ഗം എങ്ങനെ ആയിരിക്കും? നമ്മുടെ സങ്കല്പത്തിന് സ്വർഗ്ഗ ത്തിന്റെ മഹത്വത്തെ ഉൾക്കൊള്ളാൻ കഴിയുകയില്ല, വചനം സ്വർഗ്ഗത്തിന്റെ ഒരു രൂപരേഖ മാത്രമെ നൽകുന്നുള്ളു. രക്ഷകനായ യേശുവിനേയും, പിതാ വായ ദൈവത്തേയും മുഖാമുഖം സ്വർഗ്ഗത്തിൽകാണാമെന്നുള്ളതാണ് ഒരു വിശ്വാസിയുടെ ഏറ്റവും വലിയ പ്രത്യാശ. നാം നമ്മുടെ പിതാവിന്റെ ഭവന ത്തിൽ പാർക്കുന്നു.

എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉ്. ഇല്ലെ ങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേതിനു പ ിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൾ ചേർത്തുകൊള്ളും (യോഹ 14:2-3).

നാം സ്വർഗ്ഗത്തിൽ പ്രവേശിക്കുമ്പോൾ നിഗൂഢസത്യങ്ങളെ ഉൾക്കൊ ള്ളാൻ കഴിഞ്ഞെന്നു വരികയില്ല. പൗലോസ് എഴുതി.

ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായികാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെത്തന്നെ അറിയും (1 കൊരി 13:12).

സ്വർഗ്ഗത്തിന്റെ വ്യക്തമായ ചിത്രം വെളിപ്പാടുപുസ്തകത്തിൽ ഉ്. വർണ്ണനാധീതമായ സന്തോഷമുള്ള വ്യതിയാനങ്ങൾ ഉള്ള തീവ്രയജ്ഞമുള്ള ഒരു സ്ഥലമാണ് സ്വർഗ്ഗം. മേഘങ്ങളിൽ വട്ടമിട്ടിരുന്നുആർപ്പുവിളിച്ചിരിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ ആവാസകേന്ദ്രമല്ല സ്വർഗ്ഗം.

സ്വർഗ്ഗത്തെക്കുറിച്ചു ദർശനം ലഭിച്ച യോഹന്നാൻ ദൈവസിംഹാസന ത്തെ കു.

ഉടനെ ഞാൻ ആത്മവിവശനായി സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കു. ഇരിക്കുന്നവൻ കാഴ്ചെക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശ്യൻ; സിംഹാസനത്തിന്റെ ചുറ്റും കാഴ്ചെക്കു മരതകത്തോടു സദൃശമായൊരു പച്ചവില്ലു; സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തിന ാലു സിംഹാസനം; വെള്ളയുടുപ്പു ധരിച്ചുകൊു സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം; സിംഹാസനത്തിൽനിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു; ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചു കൊിരിക്കുന്നു; സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിന്നൊത്ത കണ്ണാടിക്കടൽ; സിംഹാസനത്തിന്റെ നടുവിലും, സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികൾ; അവെക്കു മുമ്പുറവും പിമ്പുറവും കണ്ണു നിറഞ്ഞിരിക്കുന്നു.

ഒന്നാം ജീവി സിംഹത്തിന് സദൃശ്യം; രാം ജീവി കാളെക്കു സദൃശ്യം; മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളത്; നാലാം ജീവി പറക്കുന്ന കഴുകനു സദൃശ്യം. നാലുജീവികളും ഓരോന്നിന്നു ആറാറു ചിറകുള്ളതായി ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരിക്കുന്നു. ഇരിക്കുന്നവനും, ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു അവർ രാപ്പകൽ വിശ്രമംകൂടാതെ പറഞ്ഞു കൊിരിക്കുന്നു. എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായി സംഹാസനത്തിൽ ഇരിക്കുന്നവന്നു ആ ജീവികൾ മഹത്വവും ബഹുമാനവും സ്തോത്രവും കൊടുക്കുമ്പോഴൊക്കെയും ഇരുപത്തിനാലു മൂപ്പന്മാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്കരിച്ചു; കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊള്ളുവാൻ യോഗ്യൻ എന്നു പറഞ്ഞുകൊ് തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിനുമുമ്പിൽ ഇടും (വെളി: 4:2-11).

സ്വർഗ്ഗത്തിൽ യോഹന്നാൻ ക കാഴ്ചകൾ ലോകത്തിലുള്ള മറ്റൊന്നിനോടും താരതമ്യപ്പെടുത്തുവാൻ കഴിയുകയില്ല. ഒരിക്കലും നമുക്ക് സ്വർഗ്ഗത്തിലെ കാഴ്ചകളെ സങ്കൽപത്തിന്റെ കണ്ണിലൂടെ കാണുവാൻ സാദ്ധ്യമല്ല. നമ്മുടെ താത്പര്യത്തെയും ആഗ്രഹത്തേയും അത് ഉണർത്തും.

പുതിയ യറുശലേം എന്നു വിശേഷിപ്പിക്കുന്ന സ്വർഗ്ഗത്തിന്റെ വ്യക്തമായ വിവരണം വെളിപ്പാടുപുസ്തകം 21, 22 അദ്ധ്യായങ്ങളിൽ യോഹന്നാൻ നന്നായി വിവരിച്ചിട്ട്. പുതിയ യറുശലേം ഇപ്പോൾ സ്വർഗ്ഗത്തിലാണ്, എന്നാൽ യേശുവിന്റെ ആയിരാമാ് വാഴ്ചയോടുകൂടി ഇതു ഭൂമിയിൽ എത്തും.

അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽ കൊുപോയി, യെരുശലേമെന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചുതന്നു. അതിന്റെ ജ്യോതിസ്സു ഏറ്റവും വിലയേറിയ രത്നത്തിനു തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെ ആയിരുന്നു. അതിന്നു പൊക്കമുള്ള വന്മതിലും പന്ത്രുഗോപുരവും ഗോപുരങ്ങളിൽ പന്ത്രു ദൂതന്മാരും ു്. യിസ്രായേൽ മക്കളുടെ പന്ത്ര് ഗോത്രങ്ങളുടെയും പേർ കൊത്തീട്ടും ു്. കിഴക്കു മൂന്നുഗോപുരം, വടക്കു മൂന്നു ഗോപുരം, തെക്കു മൂന്നു ഗോപുരം, പടിഞ്ഞാറു മൂന്നു ഗോപുരം, നഗരത്തിന്റെ മതിലിന്നു പന്ത്രു അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രു അപ്പൊസ്തലന്മാരുടെ പന്ത്രുപേരും ു്. എന്നോടു സംസാരിച്ചവന്ന നഗരത്തെയും അതിന്റെ ഗോപുരങ്ങളേയും മതിലിനേയും അളക്കേതിന്നു പൊന്നുകൊുള്ള ഒരു അളവുകോൽ ഉ

ായിരുന്നു. നഗരം സമചതുരമായി കിടക്കുന്നു; അതിന്റെ നീളവും വീതിയും സമം. അളവുകോൽകൊ് അവൻ നഗരത്തെ അളന്നു, ആയിരത്തിരുനൂറു നാഴിക കു. അതിന്റെ നീളവും, വീതിയും ഉയരവും സമം തന്നേ. അതിന്റെ മതിൽ അളന്നു; മനുഷ്യന്റെ അളവിന്നു എന്നുവെച്ചാൽ ദൂതന്റെ അളവിന്നു തന്നേ, നൂറ്റിനാല്പത്തിനാലു മുഴം ഉായിരുന്നു. മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്പടികത്തിന്നൊത്ത തങ്കവും ആയിരുന്നു. നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല രത്നവുംകൊു അലങ്കരിച്ചിരിക്കുന്നു; ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രാമത്തേതു നീല രത്നം, മൂന്നാമത്തേതു മാണിക്യം, നാലാമത്തേതു മരതകം, അഞ്ചാമത്തേത് നഖവർണ്ണി, ആറാമത്തേതു ചുവപ്പുകല്ലു, ഏഴാമത്തേത് പീതരത്നം, എട്ടാമത്തേത് ഗോമേദകം, ഒമ്പതാമത്തേത് പുഷ്യരാഗം, പത്താമത്തേത് വൈഡൂര്യം, പതിനൊന്നാമത്തേത് പത്മരാഗം, പന്ത്രാമത്തേത് സുഗന്ധിരത്നം, പ ന്ത്രുഗോപുരവും പന്ത്രുമുത്തു; ഓരാഗോപുരവും ഓരോ മുത്തുകൊ ുള്ളതും നഗരത്തിന്റെ വീഥി സ്വത്ഛസ്ഫടികത്തിന്നു തുല്യമായ തങ്കവും ആയിരുന്നു. മന്ദിരം അതിൽ കില്ല. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു. നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല; ദൈവതേജസ്സു അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാടു അതിന്റെ വിളക്കു ആകുന്നു. ജാതികൾ അതിന്റെ വെളിച്ചത്തിൽനടക്കും. ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊുവരും. അതിന്റെ ഗോപുരങ്ങൾ പകൽക്കാലത്തു അടക്കുകയില്ല. രാത്രി അവിടെ ഇല്ലല്ലോ. ജാതികളുടെ മഹത്വവും ബഹുമാനവും അതിലേക്കു കൊ ുവരും. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവർ അല്ലാതെ അശുദ്ധമായതുയാതൊന്നും മ്ലേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കില്ല (വെളി 21:10-27).

വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റേയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവ വൃക്ഷം ഉു; അതു പന്ത്രുവിധം ഫലം കായിച്ചു മാസംതോറും അതത് ഫലം കൊടുക്കുന്നു. വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു. യാതൊരു ശാപവും, ഇനി ഉ ാവുകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും, അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും, ഇനി രാത്രി ഉാകുകയില്ല; ദൈവമായ കർത്താവു അവരുടെ മേൽ പ്രകാശിക്കുന്നതുകൊ് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല. അവർ എന്നന്നേക്കും രാജാക്കന്മാരായിരിക്കും (വെളി: 22: 1-5).

യേശുവിനെ പിൻപറ്റുന്ന ഏതൊരാൾക്കും യേശുവിലുള്ള വിശ്വാസത്തിൽ നിലനല്ക്കുന്നിടത്തോളം കാലം ഈ അത്ഭുതങ്ങളെ നോക്കിപാർത്തിരിക്കാം. ഒരു സംശയവുമില്ല. നാം സ്വർഗ്ഗത്തിൽ എത്തി ആദ്യചിലനാളുകൾ പറയും, ''യോഹന്നാൻ വെളിപ്പാടുപുസ്തകത്തിൽ വിവരിച്ച സ്വർഗ്ഗരാജ്യം ഇതാണോ എന്ന് അതിശയിച്ചു പറയും!.''